പതിന്നാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 1033 — 28/04/2017 ൽ മറുപടിയ്ക്ക്

# റീ-സർവ്വെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ. വി.ആർ. സുനിൽകുമാർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റീസർവ്വെ നടപടികൾ പുനരാരംഭിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ; റീസർവ്വെ പ്രവൃത്തികൾ നിർത്തിവയ്ക്കാനിടയായ സാഹചര്യം വിശദമാക്കുമോ; | (എ) 24/01/2017 ലെ ജി.ഒ.(എം.എസ്സ്) 28/2017/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീ സർവ്വെ നടപടികൾ പുനരാരംഭിച്ചിട്ടുണ്ട്. 2011 ലെ ബഹു. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലും മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ ലഭിച്ച റീസർവ്വേ പരാതികൾ അവലോകനം ചെയ്തതിന്റെ അടിസ്ഥാനത്തിലും റീസർവ്വെ നടന്ന വില്ലേജുകളിൽ ആയിരക്കണക്കിന് പരാതികൾ ഉണ്ടാവുകയും ചെയ്ത സാഹചര്യത്തിലും 31/10/2012 ലെ ജി.ഒ.(കൈ) നമ്പർ 409/2012/റവന്യൂ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് റീസർവ്വെ, സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തി ഉത്തരവായിരുന്നു. |
| (ബി) റീസർവ്വെ നടപടികൾ ഏതൊക്കെ ജില്ലകളിലാണ് പുതിയതായി ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) കാസറഗോഡ്, ഇടുക്കി ജില്ലകളിലാണ് റീസർവ്വെ നടപടികൾ പുതിയതായി ആരംഭിച്ചിട്ടുള്ളത്. |
| (സി) റീസർവ്വെ കുറ്റമറ്റ രീതിയിൽ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) റീസർവ്വെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വ്യക്തമായ കർമ്മ പദ്ധതി തയ്യാറാക്കി പൊതുജന പങ്കാളിത്തത്തോടെ ആധുനിക സർവ്വേ ഉപകരണങ്ങളായ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം, ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ എന്നിവ ഉപയോഗിച്ച് കുറ്റമറ്റ രീതിയിൽ റീസർവ്വെ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. |

| | |
|---|---|
| (ഡി) റീസർവ്വെയ്ക്ക് ഉപയോഗിച്ചു വരുന്ന കാലഹരണപ്പെട്ട സാങ്കേതിക വിദ്യകൾ മാറ്റുന്നതിന് സർക്കാർ തയ്യാറാകുമോ? | (ഡി) അതിർത്തികൾ അളന്ന് തിട്ടപ്പെടുത്തുന്നതിന് ആധുനിക സർവ്വെ ഉപകരണങ്ങളായ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം, ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ എന്നിവ ഉപയോഗിച്ച് കുറ്റമറ്റ രീതിയിൽ റീസർവ്വെ പ്രവർത്തനങ്ങൾ കൃത്യതയോടെ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ